നമ്പർ. സി1/17732/റ്റി.സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 18/09/2012.

പ്രേഷിതൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് — ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത് സംബന്ധിച്ച്.

സൂചന :- 14/09/2011 തീയതിയിലെ സർക്കുലർ നം. 20/2011.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർക്കുലർ 20/2011- ലെ പിരിവ് 2-ലൂടെ ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടിൽ ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകേണ്ട അപേക്ഷകരും, വകുപ്പിലെ ഉദ്യോഗസ്ഥരും ഒഴികെയുള്ള മറ്റാരെയും അനുവദിക്കുവാൻ പാടുള്ളതല്ല എന്നും ഡ്രൈവിംഗ് സ്കൂൾ ഉടമകൾ, ഇൻസ്ട്രക്ടർ എന്നിവർ ഉൾപ്പെടെയുള്ള ആരേയും ഗ്രൗണ്ടിൽ പ്രവേശിക്കാൻ അനുവദിക്കരുത് എന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഭൂരിഭാഗം ഓഫീസിലും മേൽ നല്കിയ നിർദ്ദേശം ഫലപ്രദമായി നടപ്പിൽ വരുത്തിയിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സർക്കുലർ 20/2011 പ്രകാരം നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി നടപ്പിൽ വരുത്തേണ്ടതാണ്. കൂടാതെ മേഖലതല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ ആഴ്ചയിൽ രണ്ട് കേന്ദ്രങ്ങളിൽ സർപ്രൈസ് ചെക്ക് നടത്തേണ്ടതും റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ,
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

ആർ. ഉ